'ഭരണഭാഷ-മാതൃഭാഷ'

ആസാദീ കാ അമൃത് മഹോത്സവ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ശ്രീ. സുരേഷ് കുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട് - ചികിത്സാ ഇനത്തിലുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് തുക അനുവദിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് ബഹു ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)33131/23 നം കേസിന്റെ 12.12.2024 -ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.5276/2025/ധന** **തീയതി, തിരുവനന്തപുരം, 19-06-2025**

പരാമർശം :-
1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 01/01/2022, 14/02/2023 തീയതികളിലെ കെ എസ് എ/ E39077/അക്കൗണ്ട്സ്.4/2021 നമ്പർ കത്ത്.
2. WP(C)33131/23 നം ഹർജിയിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 12/12/2024 ലെ വിധിന്യായം.
3. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 20/01/2025, 06/06/2025 തീയതികളിലെ കെ എസ് എ 3157/അക്കൗണ്ട്സ്.4/2021 നം കത്ത്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24/05/2025 തീയതിയിലെ നം എം ആർ.5-12500/2025/ആ. വ. ഡ നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയത്തിലെ സീനിയർ ഗ്രേഡ് ഓഡിറ്റർ ആയ ശ്രീ. സുരേഷ് കുമാർ എസ് -ന് ഹൃദയ സംബന്ധമായ ചികിത്സക്ക് (CAD-AWMI-TVD-S) Iqraa International Hospital and Research Centre Kozhikode -ൽ ചെലവായ തുക മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിലേക്ക് അപേക്ഷയും അനുബന്ധരേഖകളും പരാമർശം (1) -ലെ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ആശുപത്രി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിന് എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ടതല്ലാത്തതിനാൽ ടിയാളുടെ അപേക്ഷ നിരസിച്ചിരുന്നു. ഇതിനെതിരെ ശ്രീ. സുരേഷ് കുമാർ എസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)33131/23 മേലുള്ള സൂചന (2) ലെ വിധിന്യായം പ്രകാരം Empanelled Hospital ന്റെ നിരക്കിൽ വിധിന്യായ തീയതി മുതൽ ഒരു മാസത്തിനകം മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക അനുവദിക്കുന്നതിലേക്കുള്ള അപേക്ഷ സൂചന (3) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പുനഃസമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിന്മേലുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 97,327/- രൂപ അനുവദനീയമാണെന്ന് പരാമർശം (4) -ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. സുരേഷ് കുമാർ എസ് -ന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് കോഴിക്കോട് Iqraa International Hospital and Research Centre -ൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിട്ടുള്ള 97,327/- (തൊണ്ണൂറ്റി ഏഴായിരത്തി മുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) രൂപയുടെ 80% ആയ 77,862/- രൂപ (എഴുപത്തി ഏഴായിരത്തി എണ്ണൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) ഒരു പ്രത്യേക കേസായി പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകിയും അപ്രകാരം WP(C)33131/23 നം ഹർജിയിന്മേലുള്ള 12.12.2024 -ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(3) പ്രസ്തുത ചെലവ് '2054-00-098-99-01(4) മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ് (Non-Plan)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പുനഃപരിശോധനയിൽ അധിക തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടാൽ അപേക്ഷകൻ പ്രസ്തുത തുക തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ഷാനവാസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ കേരള, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നം. ഇ: 1974007/എസ്റ്റാ-ഡി4/6/2022-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ